# ധൂർത്ത് ഒഴിവാക്കേണ്ടതുതന്നെയാണ്

ക്ഷണക്കത്തുകൾ മുതൽ തുടങ്ങുന്നു ദുർവ്യയങ്ങൾ. വിവാഹനിശ്ചയങ്ങൾ പോലും വിവാഹംപോലെ ആർഭാടമാക്കുന്ന പതിവ്, വിവാഹനിശ്ചയത്തോടൊപ്പം മോതിരം കൈമാറുന്ന ചടങ്ങ്, വിവാഹത്തിന്റെ തലേന്നാൾ വധുവിന്റെ വീട്ടിലെ വിരുന്നുസൽക്കാരം, വിവാഹാനന്തരം വരന്റെ വീട്ടിലെ സായാഹ്നവിരുന്ന്- ഇങ്ങനെ പോകുന്നു അനാവശ്യച്ചടങ്ങുകൾ. അനുകരണഭ്രമത്താലും, ദുരഭിമാനഭീതിയാലും സാധാരണക്കാർ പലപ്പോഴും ഇത്തരം ചടങ്ങുകൾക്ക് നിർബന്ധിതരാവുന്നു എന്നതാണ് വസ്തുത. അതോടെ അത്തരം കുടുംബങ്ങൾ നാശോന്മുഖമാകുന്നു. ഇത്തരം അനാവശ്യമായ ആർഭാടം ഒഴിവാക്കാൻ സ്വയം നിയന്ത്രിക്കേണ്ടത് സമൂഹനന്മയ്ക്ക് ആവശ്യമാണെന്നും മുമ്പ് ഓർമ്മിപ്പിച്ചിരുന്നു.

വിവാഹനിശ്ചയച്ചടങ്ങ് അടുത്തബന്ധുക്കളെ മാത്രം പങ്കെടുപ്പിച്ച് നടത്താനും അത് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്താനും ശ്രമിക്കുക, വിവാഹത്തിനാണെങ്കിലും ക്ഷണം ആവശ്യാനുസരണം പരിമിതപ്പെടുത്തുക, വിവാഹവേദി ആഡംബരരഹിതമാക്കുക, വിവാഹസമയം വധുവിനെ കുടുംബത്തിന്റെ കഴിവിനനുസൃതമായി സ്വർണ്ണാഭരണങ്ങൾ അണിയിക്കുക, വേഷവിധാനങ്ങൾ ക്രമപ്പെടുത്തുക, വിവാഹാനന്തരം പാരമ്പര്യവിധിപ്രകാരമുള്ള വിഭവസമൃദ്ധമായ സസ്യഭോജനം ഒരുക്കുക, മറ്റ് അനാവശ്യച്ചടങ്ങുകൾ നിർബന്ധമായും ഒഴിവാക്കുക തുടങ്ങിയ മുൻകരുതലുകളാണ് വിവാഹധൂർത്ത് ഒഴിവാക്കാൻ സ്വീകരിക്കേണ്ടത് എന്നുമാണ് പറഞ്ഞിരുന്നത്.

സമൂഹത്തിൽ കൂടുതൽ സമ്പത്തുള്ളവരാണ് ഇക്കാര്യത്തിൽ മറ്റുള്ളവർക്ക് മാതൃകയാകേണ്ടത്. അവരുടെ സ്വാർത്ഥതയും മത്സരവുമാണ് സാധാരണക്കാരെ ഇത്തരം ധൂർത്തിലേക്ക് പ്രേരിപ്പിക്കുന്നത്. അവരെ ഓർത്തെങ്കിലും, ആർഭാടവും അനാവശ്യച്ചടങ്ങുകളും ഒഴിവാക്കി, സമ്പത്തുള്ളവർ ഇക്കാര്യത്തിൽ മിതവ്യയം പാലിച്ച് സമൂഹത്തിന് മാതൃകയാകണം എന്ന അഭിപ്രായവും മുമ്പ് അറിയിച്ചിരുന്നു.

ഇക്കാര്യത്തിൽ കുറെയേറെ മാറ്റങ്ങൾ സമുദായത്തിൽ വന്നിട്ടുള്ളതായി അനുഭവങ്ങൾ തെളിയിക്കുന്നുണ്ട്. എങ്കിലും, ഇത്തരം ദുർവ്യയം പൂർണ്ണമായും അവസാനിപ്പിച്ച് സാമ്പത്തികഭദ്രത ഉറപ്പാക്കുവാൻ ഇനിയും ശ്രദ്ധിക്കേണ്ടതുള്ളതിനാലാണ് ഇക്കാര്യത്തിൽ വീണ്ടും അഭ്യർത്ഥന പുറപ്പെടുവിക്കുന്നത്. ഇത് പ്രാവർത്തികമാകേണ്ടത് സമുദായത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്ക് ആവശ്യവുമാണ്.

സമുദായാംഗങ്ങൾക്കിടയിലെ വിവാഹധൂർത്ത് ഒഴിവാക്കുന്നത് സംബന്ധിച്ച് ഇതിനുമുമ്പ് നിരവധി തവണ എൻ.എസ്.എസ്. ആഹ്വാനം ചെയ്തിരുന്നു. എങ്കിൽക്കൂടിയും, ഇന്നും വിവാഹം, ഉത്സവം, ഗൃഹപ്രവേശനം, മരണാനന്തരചടങ്ങുകൾ തുടങ്ങിയ കാര്യങ്ങളിൽ ധൂർത്ത് ഇപ്പോഴും തുടർന്നുവരുന്നു എന്ന് പറയേണ്ടിയിരിക്കുന്നു.

മുമ്പുണ്ടായിരുന്ന കൂട്ടുകുടുംബവ്യവസ്ഥിതി, അണുകുടുംബങ്ങളായി മാറിക്കഴിഞ്ഞിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിലും ഓരോ കുടുംബവും സ്വയം പര്യാപ്തമാകണമെങ്കിൽ അവർ ഏതു ധൂർത്തിനോടും വിട പറയേണ്ടത് ഇന്നും അനിവാര്യമാണ്.

അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും ആഡംബരഭ്രമത്തിലും അടിയന്തരബഹുലതയിലും അകപ്പെട്ട്, തകർന്നടിഞ്ഞുകൊണ്ടിരുന്ന സമൂഹത്തെ നായർ സർവീസ് സൊസൈറ്റി എന്ന മഹത്തായ സംഘടനയ്ക്കു രൂപംനല്കി, അതിലൂടെ കർമ്മനിരതമാക്കാൻ ശ്രീ മന്നത്തു പത്മനാഭനു കഴിഞ്ഞു. എങ്കിലും, ഓരോ കുടുംബവും ഇപ്പോഴും നേരിടുന്നതും പരിഹരിക്കപ്പെടേണ്ടതുമായ വെല്ലുവിളികളിൽ മാരകമായിട്ടുള്ളത് മംഗല്യധൂർത്താണ്. അതുപോലെതന്നെ സമൂഹം നേരിടുന്ന വെല്ലുവിളികളിൽ പ്രധാനം ഉത്സവങ്ങൾ, മത്സരവെടിക്കെട്ട്, ആനക്കമ്പം, ഇടതടവില്ലാതെ നടത്തുന്ന സപ്താഹ-സത്രങ്ങൾ എന്നിവയുടെ പേരിലുള്ള ധൂർത്ത് ആണെന്ന കാര്യവും നേരത്തെ അറിയിച്ചിരുന്നതാണ്.

നിരവധി കുടുംബങ്ങൾ കടക്കെണിയിൽ വീഴാനും, സാമ്പത്തികത്തകർച്ചയ്ക്ക് ഇടയാകാനും കാരണമാകുന്നത് മംഗല്യധൂർത്താണ്. ദുരഭിമാനമാണ് ഇതിന് പ്രധാന കാരണം. പെൺമക്കളെ ഒരു കുറവും കൂടാതെ, വിവാഹം നടത്തി അയക്കണമെന്ന ആഗ്രഹം എല്ലാ മാതാപിതാക്കൾക്കും ഉണ്ടാകാം. എന്നാൽ തങ്ങളുടെ സാമ്പത്തികസ്ഥിതി അറിഞ്ഞ് അതു നിർവഹിക്കാനുള്ള ഇച്ഛാശക്തി, മാതാവിനും പിതാവിനും ഒരുപോലെ ഉണ്ടാകേണ്ടതാണ്. വിവാഹനിശ്ചയം മുതൽ അത് ശ്രദ്ധിക്കേണ്ടതാണ്. വിവാഹവേദിയിൽ വധുവിനെ അണിയിച്ചൊരുക്കുന്ന സ്വർണ്ണാഭരണങ്ങളുടെയും വേഷവിധാനങ്ങളുടെയും കാര്യത്തിലാണ് സാമ്പത്തികനില മറന്നുള്ള മത്സരം നടന്നുവരുന്നത്. വിവാഹസദ്യയുടെ കാര്യം പിന്നെ ചോദിക്കാനുമില്ല. ഇക്കാര്യത്തിൽ മറ്റുള്ളവരോടൊപ്പം എത്താൻ, കടമായും, സ്വന്തം കിടപ്പാടം പണയപ്പെടുത്തിയും തൽക്കാലകാര്യം കാണുന്നവർ, കടം കയറിയും കിടപ്പാടം നഷ്ടപ്പെട്ടും ജീവിതം അവസാനിപ്പിക്കേണ്ടിവരുന്ന എത്രയോ സംഭവങ്ങളാണ് ഇപ്പോഴും കണ്ടുവരുന്നത്.